# പതിനാലാം കേരള നിയമസഭ

## പത്തൊമ്പതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 276        02.03.2020 ൽ മറുപടിയ്ക്ക്**

## സാമൂഹ്യനീതി വനിതാവികസന വകുപ്പുകളുടെ വിഭജനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. മോൻസ് ജോസഫ്** | | **കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)** | |
| (എ) | സാമൂഹ്യനീതി വനിതാ വികസന വകുപ്പുകളുടെ വിഭജനം ഏതു ഘട്ടത്തിലെന്ന് വ്യക്തമാക്കാമോ; | (എ) | സാമൂഹ്യ നീതി, വനിത ശിശു വികസന വകുപ്പുകളുടെ വിഭജന നടപടികൾ അന്തിമ ഘട്ടത്തിലാണ്. ഇരു വകുപ്പുകളിലും ഡയറക്ടർമാരെ നിയമിച്ച്, വകുപ്പുകളുടെ അധികാര പരിധിയിൽ വരുന്ന വിഷയങ്ങളും ഓഫീസുകളും പദ്ധതികളും വിഭജിച്ചും ഉത്തരവായിട്ടുണ്ട്. പൊതു വിഭാഗം തസ്തികയിലെ ജീവനക്കാരിൽ നിന്നും ഓപ്ഷനുകൾ ക്ഷണിച്ച് ഇരു വകുപ്പുകളിലുമായി പുനർവിന്യസിക്കുവാൻ സാമൂഹ്യ നീതി ഡയറക്ടറെ കൺവീനറാക്കികൊണ്ട് ഒരു സ്പെഷ്യൽ സെൽ രൂപീകരിക്കുകയും, ഇരുവകുപ്പിലേയും വാച്ച്മാൻ, വാച്ച് വുമൺ തസ്തികയിലെ ജീവനക്കാരെ ഒഴിച്ച് മറ്റ് ജീവനക്കാരെ പുനർവിന്യസിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | സാമൂഹ്യനീതി വനിതാ വികസന വകുപ്പുകളിലെ ജീവനക്കാരുടെ നിയമനം സ്ഥാനക്കയറ്റം, പുനർ വിന്യാസം എന്നിവയുടെ വിശദാംശങ്ങൾ അറിയിക്കാമോ; | (ബി) | സാമൂഹ്യ നീതി വകുപ്പിലെയും വനിത ശിശു വികസന വകുപ്പിലെയും ജീവനക്കാരുടെ പുനർവിന്യാസം, നിയമനം, സ്ഥാനക്കയറ്റം എന്നിവയ്ക്കായി വിശേഷാൽ ചട്ടങ്ങൾ രൂപീകരിക്കുന്നതു വരെ വ്യവസ്ഥകൾ നിർണ്ണയിച്ച് എക്സിക്യൂട്ടീവ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ വിവിധ തസ്തികകളിൽ ഓപ്ഷൻ സ്വീകരിച്ച്, വാച്ച്മാൻ, വാച്ച് വുമൺ എന്നീ തസ്തികകൾ ഒഴികെയുള്ള മറ്റെല്ലാ തസ്തികകളിലെ ജീവനക്കാരെയും പുനർ |

| | | | |
|---|---|---|---|
| | | | വിന്യസിച്ചിട്ടുണ്ട്. നിശ്ചയിച്ചിട്ടുള്ള കേഡർ സ്ട്രെങ്തിന്റെ അടിസ്ഥാനത്തിൽ വാച്ച്മാൻ, വാച്ച് വുമൺ തസ്തികകളിലെ ജീവനക്കാരെ തസ്തികമാറ്റം നൽകി ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിയമനം നൽകുന്ന മുറയ്ക്ക് പ്രസ്തുത ജീവനക്കാരെക്കൂടി ഇരു വകുപ്പുകളിലുമായി പുനർവിന്യസിക്കുന്നതാണ്.<br><br>കേഡർ സ്ട്രെങ്ത് നിർണ്ണയത്തോടുകൂടി ഫീഡർ കാറ്റഗറി ഇരു വകുപ്പുകളിലുമായി വിന്യസിക്കപ്പെട്ട തസ്തികകൾ, ഉദ്യോഗക്കയറ്റ തസ്തികയും ഫീഡർ കാറ്റഗറിയും ഇരു വകുപ്പിലായി പുനർവിന്യസിക്കപ്പെട്ട തസ്തികകൾ, എന്നിവയുടെ സ്ഥാനക്കയറ്റ വ്യവസ്ഥകൾ നിർണ്ണയിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>സാമൂഹ്യ നീതി / വനിത ശിശു വികസന വകുപ്പുകളിലെ അഡീഷണൽ ഡയറക്ടർ, ജോയിന്റ് ഡയറക്ടർ തസ്തികകൾ, വനിത ശിശു വികസന വകുപ്പിലെ പ്രോഗ്രാം ഓഫീസർ, ശിശു വികസന പദ്ധതി ഓഫീസർ തസ്തികകളിലേയ്ക്കുള്ള ഡി.പി.സി. ചേർന്നിട്ടുണ്ട്. ഇതോടൊപ്പം വനിത ശിശു വികസന വകുപ്പിന്റെ തനത് തസ്തികകളായ പ്രോഗ്രാം ഓഫീസർ, വനിത പ്രൊട്ടക്ഷൻ ഓഫീസർ, ശിശു വികസന പദ്ധതി ഓഫീസർ, സൂപ്പർവൈസർ, കെയർടേക്കർ എന്നീ തസ്തികകളിൽ നിയമനം, സ്ഥാനക്കയറ്റം തുടങ്ങിയ കാര്യങ്ങളിൽ വനിത ശിശു വികസന വകുപ്പിൽ നടപടി സ്വീകരിച്ചുവരുന്നു. |
| (സി) | വനിതാ-ശിശുവികസന വകുപ്പിൽ വികസന വിഭാഗത്തിനു പുറമേ എൻഫോഴ്സ്മെന്റ് വിഭാഗം പ്രവർത്തനമാരംഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ? | (സി) | വനിത ശിശു വികസന വകുപ്പിൽ വികസന വിഭാഗത്തിന് പുറമെ എൻഫോഴ്സ്മെന്റ് വിഭാഗം നിലവിൽ പ്രവർത്തനക്ഷമമാണ്. ആയതിലേയ്ക്കായി ഒരു ഇന്റേണൽ വിജിലൻസ് സംവിധാനവും ഒരു ഇന്റേണൽ ഓഡിറ്റ് സംവിധാനവും പ്രവർത്തിച്ചുവരുന്നു. |

Bino

സെക്ഷൻ ഓഫീസർ.